പോളിടെക്നിക്ക് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവ വിഭാവനം ചെയ്യുന്നു.

(ബി) ഐ. ടി. ഗ്രിഡ്, ഇ-ഗവേണൻസ്, ഫാക്കൽറ്റികളുടെ ഗുണപരമായ വികസനം, ഡിപ്പാർട്ടുമെന്റുകളുടെ നവീകരണം, ലാബ്/ലൈബ്രറി എന്നിവയുടെ വിപുലീകരണം, പുതിയതായി ആരംഭിച്ച സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള ആവശ്യമായ സ്ഥലം ലഭ്യമാക്കുക, പോളിടെക്നിക്കുകളുൾപ്പെടെയുള്ള കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുക, എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും മതിയായ യന്ത്രസാമഗ്രികൾ, ഫർണീച്ചർ, കമ്പ്യൂട്ടർ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ, പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്.

(സി) തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജിന് സ്വയംഭരണാവകാശം നൽകാൻ തീരുമാനിക്കുകയും, തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ന്യൂനപക്ഷ മാനേജുമെന്റുകൾ നടത്തുന്ന സ്വാശ്രയ കോളേജുകളുടെ പ്രത്യേക അവകാശങ്ങൾ

121 [673] ശ്രീ. എ. പി. അനിൽകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഇ. എം. അഗസ്തി:
,, ഡി. സുഗതൻ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും സ്വാശ്രയ മെഡിക്കൽ കോളേജുകളും ഉണ്ട്;

(ബി) ഇവയിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് എത്ര വീതം എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും ഉണ്ട്;

(സി) ന്യൂനപക്ഷ മാനേജുമെന്റുകളുടെ കീഴിൽ നടത്തുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കും മെഡിക്കൽ കോളേജുകൾക്കുമുള്ള പ്രത്യേക അവകാശങ്ങൾ എന്തെല്ലാം;

(ഡി) മറ്റ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും നടത്തുന്ന ബാക്കി മാനേജ്മെന്റുകൾക്കും ഈ അവകാശങ്ങൾ ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 64 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും 8 സ്വാശ്രയ മെഡിക്കൽ കോളേജുകളും ഉണ്ട്.

(ബി) ന്യൂനപക്ഷ പദവി നൽകിയിട്ടുള്ള എഞ്ചിനീയറിംഗ് കോളേജ് ഒരെണ്ണം ഉണ്ട്. മെഡിക്കൽ കോളേജ് ഇല്ല.

(സി) ന്യൂനപക്ഷ പദവി ലഭിച്ച എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജ്മെന്റിന് 50% വിദ്യാർത്ഥികളെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നടത്തുന്നതിനുള്ള അവകാശം ഉണ്ട്.

(ഡി) ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്കും 50% വിദ്യാർത്ഥികളെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

സ്വാശ്രയ കോളേജുകളുടെ പ്രവർത്തനത്തിന് കമ്മിറ്റി

122 [674] ശ്രീ. കെ. പി. വിശ്വനാഥൻ:
„ വർക്കല കഹാർ:
„ ഡി. സുഗതൻ:
„ കെ. മുഹമ്മദാലി:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടെയും മെഡിക്കൽ കോളേജുകളുടെയും ഫീസ് ഘടന, ഇവയിലേക്കുള്ള പ്രവേശനം, എൻട്രൻസ് പരീക്ഷ മുതലായവ സംബന്ധിച്ച കാര്യങ്ങൾക്കുവേണ്ടി എത്ര കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത കമ്മിറ്റികളിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഇവ സ്ഥിരം കമ്മിറ്റികളാണോ അതോ താൽക്കാലിക കമ്മിറ്റികളാണോ;

(ഡി) പ്രസ്തുത കമ്മിറ്റികളുടെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ബഹു. ജസ്റ്റീസ് കെ. റ്റി. തോമസ് (റിട്ട.) ചെയർമാനായി നാല് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 11-11-2003-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ജി. ഒ. (പി) നമ്പർ 161/03/ഉ. വി. വ. അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly